പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1284 — 11.02.2016 -ൽ മറുപടിക്ക്.

## പാചകവാതക സിലിണ്ടറുകളുടെ കാലപരിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.സി.മോയിൻ കുട്ടി**<br>**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**<br>**ശ്രീ.പി.ബി. അബ്ദുൾ റസാക്** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാചകവാതകം നിറച്ച് വിതരണം ചെയ്യുന്ന സിലിണ്ടറുകളുടെ ഉപയോഗത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷമാണെന്ന് വ്യക്തമാക്കുമോ; | (എ) നിശ്ചയിച്ചിട്ടില്ല. എന്നാൽ ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ സിലിണ്ടറുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനയിൽ പരാജയപ്പെടുന്നവ നശിപ്പിക്കുകയും ചെയ്യുന്നു. പരിശോധനയ്ക്ക് വിധേയമാക്കേണ്ട തീയതി സിലിണ്ടറുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) നിശ്ചിതകാലപരിധി കഴിഞ്ഞവ വീണ്ടും ഉപയോഗിക്കുന്നുണ്ടോ എന്ന കണ്ടെത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ; | (ബി) ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം പരിശോധനയ്ക്ക് വിധേയമാക്കേണ്ട സിലിണ്ടറുകൾ ബോട്ട് ലിംഗ് പ്ലാന്റുകളിൽ വച്ച് വേർതിരിക്കപ്പെടുകയും പിന്നീട് നടത്തുന്ന പരിശോധനയിൽ യോഗ്യമെന്ന് കണ്ടെത്തുന്ന സിലിണ്ടറുകൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) കാലപരിധി കഴിഞ്ഞവ വീണ്ടും നിറച്ച് വിതരണം നടത്തുന്നതുമൂലമുള്ള അപകട സാദ്ധ്യത കണക്കിലെടുത്ത് ഇതിന്റെ പരിശോധനാ സംവിധാനത്തെ ഊർജ്ജസ്വലമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനയിൽ ഉപയോഗ യോഗ്യമെന്ന് കാണുന്ന സിലിണ്ടറുകൾ മാത്രമേ വിതരണം നടത്തുവാനായി ഉപയോഗിക്കുന്നുള്ളൂ എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ